പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം - 1

**എഡി.ബി2/194881/ഡി.ജി.ഇ/2021** **തീയതി : 19/02/2021**

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം - എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ, ഹയർസെക്കന്ററി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ, ലാബ് അസിസ്റ്റന്റ്മാർ എന്നിവരുടെ തസ്തികമാറ്റ നിയമനം - അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : 15/02/2021 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി ജൂനിയർ അദ്ധ്യാപക തസ്തികകളിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിലേക്കായി HSA/UPSA/LPSA, Ministerial Staff, Lab Assistant എന്നീ തസ്തികകളിൽ നിന്നും സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. തസ്തികമാറ്റ അപേക്ഷകൾ സമർപ്പിക്കേണ്ട **അവസാന തീയതി 01/03/2021 വൈകീട്ട് 5 മണി വരെ** ദീർഘിപ്പിച്ചിട്ടുള്ളതായി അറിയിക്കുന്നു. തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് അധ്യാപകർ ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. UPSA/LPSA തസ്തികകളിൽ നിന്നും തസ്തികമാറ്റ അപേക്ഷകൾ സമർപ്പിക്കുന്ന അധ്യാപകർ ഹൈസ്കൂളിന്റെ സ്കൂൾ കോഡ് നൽകി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. ഒന്നിൽ കൂടുതൽ വിഷയങ്ങളിലേക്ക് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന അധ്യാപകർ Add more എന്ന ഓപ്ഷൻ നൽകി വിഷയം തിരഞ്ഞെടുക്കേണ്ടതാണ്.
3. അപേക്ഷ സമർപ്പിക്കുന്നതിലെ പരാതികൾ transferadb2@gmail.com എന്ന Mail ID യിലേക്ക് അയക്കാവുന്നതാണ്.
4. ഒന്നിൽ കൂടുതൽ വിഷയങ്ങളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ഓരോ വിഷയത്തിനും പ്രത്യേക അപേക്ഷകൾ സർട്ടിഫിക്കേറ്റ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**